LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് സ്കൂളുകളിൽ നിയമിതരായ അദ്ധ്യാപകർക്ക് നിയമന അംഗീകാരം

92 [644] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ 29-10-2001-ന് ശേഷം നിയമിതരായ അദ്ധ്യാപകർക്ക് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 24-9-2003-ലെ ജി. ഒ. (പി) നമ്പർ 259/2003/ജി. എഡ്യൂക്കേഷൻ എന്ന ഉത്തരവ് ഇപ്പോൾ പ്രാബല്യത്തിലുണ്ടോ;

(സി) 29-10-2001-ന് ശേഷം ഡിവിഷൻ വേക്കൻസിയിലും മറ്റും നിയമിതരായ അദ്ധ്യാപകർക്ക് നിയമന അംഗീകാരവും ശമ്പളവും അനുവദിക്കാത്തതിന്റെ കാരണം എന്ത് എന്ന് വ്യക്തമാക്കാമോ;

(ഡി) 29-10-2001-ന് ശേഷം പുതിയ ഡിവിഷൻ വേക്കൻസിയിലും മറ്റും നിയമിതരായ അദ്ധ്യാപകർക്ക് നിയമന അംഗീകാരവും ശമ്പളവും എപ്പോൾ നൽകാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അഡീഷണൽ ഡിവിഷൻ വേക്കൻസികളും ലീവ് വേക്കൻസികളും ഒഴിച്ച് മറ്റ് നിയമനങ്ങൾക്കൊന്നും അംഗീകാരം നൽകുന്നതിന് ഇപ്പോൾ നിയന്ത്രണമില്ല.

(ബി) ഉണ്ട്.

(സി, ഡി) 29-10-2001-ന് ശേഷമുള്ള അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച് 24-9-2003-ലെ ജി. ഒ.(പി) 259/03/പൊ. വി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ അവ്യക്തതയുണ്ടെന്ന് പരാതി ലഭിച്ചതിന്റെ വെളിച്ചത്തിൽ വിശദീകരണം നൽകുന്ന കാര്യം പരിഗണിച്ചു വരികയാണ്.

ലീവ് വേക്കൻസിയിൽ നിയമിച്ചിട്ടുള്ള അദ്ധ്യാപക-അനദ്ധ്യാപകരുടെ നിയമനങ്ങൾക്ക് അംഗീകാരം

93 [645] ശ്രീ. തോമസ് ഉണ്ണിയാടൻ:
„ സ്റ്റീഫൻ ജോർജ്:
„ ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപക-അനദ്ധ്യാപകരുടെ ലീവ്

വേക്കൻസിയിലേക്ക് നടത്തുന്ന പുതിയ നിയമനങ്ങൾ അംഗീകരിക്കേണ്ടതില്ല എന്ന് പുതിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ലീവ് വേക്കൻസിമൂലമുണ്ടാകുന്ന നിയമനങ്ങൾ അംഗീകരിക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതൊഴിവാക്കാനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ലീവ് വേക്കൻസിയിൽ നിയമിച്ചിട്ടുള്ള അദ്ധ്യാപക-അനദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കുന്നതിനാവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി, ഡി) ലീവ് വേക്കൻസികളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ നിയമന അംഗീകാരം സംബന്ധിച്ച് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ചേലക്കര മണ്ഡലത്തിലെ സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകൾ

94 [646] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽപ്പെട്ട വിവിധ സർക്കാർ എൽ. പി., യു. പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ ഈ അദ്ധ്യയന വർഷം എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തേണ്ടതുണ്ടായിരുന്നുവെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ ആണ് നികത്തിയിട്ടുള്ളതെന്നും ഇനിയും എത്ര ഒഴിവുകൾ നികത്താതെ അവശേഷിക്കുന്നുവെന്നും വെളിപ്പെടുത്താമോ;

(സി) ഈ അദ്ധ്യയന വർഷം അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുവാനുണ്ടായ കാലതാമസത്തിന് കാരണം എന്തായിരുന്നു;

(ഡി) ഇനിയും പ്രസ്തുത ഒഴിവുകൾ നികത്തപ്പെടാത്ത സ്കൂളുകളിൽ സിലബസ് പ്രകാരം പാഠഭാഗങ്ങൾ പഠിപ്പിച്ച് പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly